മാതൃഭൂമി
11 April 2017

# മീൻ സുരക്ഷിതമെന്ന് ഉറപ്പുവരുത്തും - ഭക്ഷ്യസുരക്ഷാ കമ്മിഷണർ

**കൊച്ചി:** മീനുകളിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുമെന്ന് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മിഷണർ ഡോ. നവജോത് ഖോസ. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സെൻറ് തെരേസസ് കോളേജിൽ നടന്ന ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു കമ്മിഷണർ.

നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസും (നാസ്) സെൻറ് തെരേസാസ് കോളേജിലെ ഫുഡ് പ്രോസസിങ് ടെക്നോളജി വൊക്കേഷണൽ സ്റ്റഡീസ് വകുപ്പും ചേർന്നാണ് സെമിനാർ സംഘടിപ്പിച്ചത്.

വടക്കൻ കേരളത്തിലാണ് ഇത്തരം നടപടികൾ കൂടുതലായി നടക്കുന്നത്. ഇതു തടയുന്നതിന് 'ഓപ്പറേഷൻ സാഗർ റാണി' എന്ന പേരിൽ നടപടികൾ തുടങ്ങിയിട്ടുണ്ട് - അവർ പറഞ്ഞു.



സെൻറ് തെരേസാസ് കോളേജിൽ നടന്ന ഏകദിന സെമിനാർ ഭക്ഷ്യസുരക്ഷാ കമ്മിഷണർ ഡോ. നവജോത് ഖോസ ഉദ്ഘാടനം ചെയ്യുന്നു

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായിരുന്നു.

ഡോ. ശ്രീനിവാസ ഗോപാൽ, ഡോ. സുധീർ കെ.പി., ഡോ. ജോർജ് ടി. ഉമ്മൻ, ഡോ. എസ്. നസീമ ബീവി, സെൻറ് തെരേസാസ് കോളേജ് പ്രിൻസിപ്പൽ ഡോ. സജിമോൾ അഗസ്റ്റിൻ തുടങ്ങിയവർ സംസാരിച്ചു.